LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ വികസന വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി

9 (2837) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള പുതിയ സാഹചര്യം എന്താണ്; വ്യക്തമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ട കുറയ്ക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയ തൊഴിൽരഹിതർക്ക് നേരിട്ട് ഗസറ്റഡ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള അവസരം പരിമിതപ്പെട്ടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള 16-2-2011-ലെ ജി. ഒ. (പി) 44/2011/തസ്വഭവ. നമ്പർ സ്പെഷ്യൽ റൂളിലെ ചില വ്യവസ്ഥകളിൽ പരിഷ്കാരങ്ങളും വ്യക്തതകളും ആവശ്യമായതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല.

ഗ്രാമ വികസന വകുപ്പിന്റെ പദ്ധതി വിഹിതം

10 (2838) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമ വികസന വകുപ്പിന് എത്ര രൂപയാണ് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

(ബി) 2016 ജനുവരി 31 വരെ അതിൽനിന്നും എത്ര രൂപ ചെലവഴിച്ചു;

(സി) ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവിട്ടത്; പദ്ധതി വിഹിതം പൂർണമായി ചെലവഴിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമവികസന വകുപ്പിന് സംസ്ഥാന പദ്ധതിവിഹിതമായി 31757.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക, മുൻവർഷത്തെ നീക്കിയിരിപ്പ് തുക, മറ്റ് വരവുകൾ എന്നിവ ഉൾപ്പെടെ ആകെ ലഭ്യമായ 219684.03 ലക്ഷം രൂപയിൽനിന്നും 31-1-2016 വരെ 191750.19 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സി) ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 31-1-2016 വരെ ആകെ ലഭ്യമായ തുകയുടെ 87% ചെലവഴിക്കുകയുണ്ടായി.

പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാന തലത്തിലും ജില്ലാതലത്തിലും നടത്തുകയും പദ്ധതിവിഹിതം ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്.

മലയോര വികസന ഏജൻസിയുടെ കോഴിക്കോട് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

11 (2839) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോരവികസന ഏജൻസി രൂപീകരിച്ചശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും ഏത് നിയോജകമണ്ഡലത്തിലാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ചക്കിട്ടപ്പാറ ഗ്രാമപ്പഞ്ചായത്തിൽ ഭരണാനുമതി റദ്ദാക്കിയ പ്രവൃത്തികൾക്ക് വീണ്ടും ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്നു*.

(ബി) റദ്ദാക്കിയ പ്രവൃത്തികൾക്ക് വീണ്ടും ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly